ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മൺസൂൺ സമയത്ത് അപകട സാദ്ധ്യത കൂടുതലായ കാലയളവിൽ എല്ലാ കടലോര ജില്ലാ ഓഫീസുകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും അതുവഴി കാലാവസ്ഥ മുന്നറിയിപ്പുകൾ പ്രക്ഷേപണം ചെയ്യുകയും ചെയ്യുന്നു.

(ഡി) കടൽ രക്ഷാസേന രൂപീകരിച്ചു വരുന്നതേയുള്ളൂ.

(ഇ) തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ആദ്യബാച്ച് രൂപീകരിച്ചു പരിശീലനം നൽകി.

(എഫ്) നാവികസേനയിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനാണ് പരിശീലനം നല്കുന്നത്.

(ജി) ഇല്ല.

(എച്ച്&ഐ) പ്രവർത്തനം ആരംഭിച്ചതേയുള്ളൂ. പ്രവർത്തനം ആരംഭിച്ച തിരുവനന്തപുരം ഒഴികെയുള്ള മറ്റു തീരദേശ ജില്ലകളിൽ സേനയുടെ രൂപീകരണവും പരിശീലനവും നടത്തി കടൽരക്ഷാസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഡീസൽ വില വർദ്ധനമൂലം കെ.എസ്.ആർ.ടി.സി ക്കുണ്ടായ നഷ്ടം

13 (*274) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഡീസൽ വില വർദ്ധന കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനത്തെ ഏതെങ്കിലും വിധത്തിൽ ബാധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തുകയുണ്ടായോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഡീസൽ വില വർദ്ധനമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് നഷ്ടം സംഭവിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഡീസൽ വില വർദ്ധനവിന്റെ ഫലമായി ഷെഡ്യൂളുകൾ വെട്ടിക്കുറക്കേണ്ടി വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ നിലവിലുണ്ടായിരുന്ന എത്ര ശതമാനം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് സ്വന്തമായി ഡീസൽ ടാങ്കില്ലാത്ത ഡിപ്പോകളിലാണ് ഡീസൽ വില വർദ്ധനമൂലം കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും ദീർഘകാല പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഉണ്ട്. വിലയിരുത്തൽ നടത്തിയിട്ടുണ്ട്. പ്രതിമാസം 3 കോടി രൂപ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.

(ബി) പ്രതിവർഷം 40 കോടി രൂപ ഇതുമൂലം നഷ്ടം പ്രതീക്ഷിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇപ്പോൾ ഡീസൽ പമ്പ് സ്ഥാപിക്കാത്ത ഡിപ്പോകളിലെല്ലാം പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി

14 (*275) ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിനും ശാസ്ത്രീയമായി മത്സ്യബന്ധനം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പുഴകളിലും നാടൻ ജലാശയങ്ങളിലും മത്സ്യം വളർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പരിപാടികൾ നിലവിലുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യവ്യക്തികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഇതിനായി ജനകീയ മത്സ്യകൃഷി, സാമൂഹ്യ മത്സ്യകൃഷി, ജലസംഭരണികളിലെ മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly